**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4983** | **14-03-2023 - ൽ മറുപടിയ്ക്ക്**

**കോട്ടിക്കുളം റെയിൽവേ മേൽപ്പാലം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന് റെയിൽവേ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന് റെയിൽവേയിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. പുതുക്കിയ കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി) 13.01.2023 ന് റെയിൽവേ അംഗീകരിച്ചു. റെയിൽവേ മേൽപ്പാലത്തിനായി ഏറ്റെടുത്തിരിക്കുന്ന ഭൂമിയിൽ നിർമ്മാണം നടത്താൻ 23.02.2023 ന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പമെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ) ന് റെയിൽവേ അനുമതി നൽകി. |
| (ബി) | ഈ വിഷയത്തിൽ ആർ.ബി.ഡി.സി.കെ. എന്ത് തുടർ നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ പൂർത്തീകരണത്തിന് ഉദ്ദേശം 17 സെന്റ് ഭൂമി കൂടി അധികമായി ഏറ്റെടുക്കേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ടെണ്ടർ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം അറിയിക്കുമോ? | (സി) | ലഭ്യമായ ഭൂമിയിൽ നിർമ്മാണ പ്രവൃത്തിക്കുള്ള അനുമതി, പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗികാരം എന്നിവ നൽകിയശേഷം ടെണ്ടർ നടപടിയിലേയ്ക്ക് കടക്കാനാകും. |

സെക്ഷൻ ഓഫീസർ